Mr. K. S. Rama Ayyar.—There is no naturalness in the mover's motive. It is unnatural.

Rao Sahib Mr. T. V. Kasturi Ranga Ayyar.—His vote need not be taken.

The resolution of Mr. K. S. Rama Ayyar was put to vote and was carried.

Rao Sahib Mr. T. V. Kasturi Ranga Ayyar.—I think, on the last occasion, the President ruled that all gentlemen should stand up when taking votes, to avoid all difficulties.

Dr. A. G. Menon—That need be done only when a poll is demanded and not always.

The appointment of a Fisheries Investigation Officer.

പ്രസിഡെണ്ട്.—ഇനി മിസ്റ്റർ കറുപ്പന്റെ പ്രമേയമാണ്.

മിസ്റ്റർ കെ. പി. കറുപ്പൻ.—"കൊച്ചിയിലെ മത്സ്യവ്യവസായത്തിലും തൊഴിലാളികളിലും ഏറ്റപ്പെട്ടിരിക്കുന്ന ദോഷങ്ങളുടേയും സങ്കടങ്ങളുടേയും പരിഹാരമാർഗ്ഗങ്ങളെ നിർദ്ദേശിക്കുവാൻ തക്കവണ്ണം സമഗ്രമായ ഒരു റിപ്പോർട്ടെഴുതി ഗവർമ്മെണ്ടിനു് സമർപ്പിക്കുന്നതിനു് ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണെന്നു് ഈ കൌൺസിൽ അഭിപ്രായപ്പെടുന്നു" എന്നാണു് എന്റെ പ്രമേയം.

സർ, മത്സ്യവ്യവസായക്കാരുടെ ഇടയിൽ നാലഞ്ചു വത്സരങ്ങൾക്കപ്പുറം, വലിയ ദാരിദ്ര്യം പിടിപെട്ടിരിക്കുന്നു. മത്സ്യത്തിന്റെ ആദായംകൊണ്ടു് അവർ സമ്പാദിച്ചിരുന്നതായ സമ്പത്തുക്കൾ മിക്കതും വിറ്റുപോയി. ശേഷിച്ചവ കടത്തിലും ഏറ്റപ്പെട്ടു. അവരുടെ ഇടയിൽ തുടങ്ങിയിരിക്കുന്ന പരസ്പരസഹായ സംഘങ്ങളുടെ നടത്തിപ്പു് വളരെ തണുത്തു തുടങ്ങിയിരിക്കുന്നു. അവർക്കു് പണ്ടില്ലാത്തവണ്ണം സംഭവിച്ച ഈ ദാരിദ്ര്യത്തിന്റേയും സങ്കടങ്ങളുടേയും കാരണം അന്യായവും അനിയന്ത്രിതവുമായ മത്സ്യബന്ധമല്ലാതെ മറ്റൊന്നുമല്ല.

പണ്ടു കാലങ്ങളിൽ ഇല്ലാത്ത പലതരം നശീകരസമ്പ്രദായങ്ങളും മത്സ്യബന്ധത്തിൽ ഇപ്പോൾ കടന്നുകൂടീട്ടുണ്ടു്. പുഴകളിൽ ഏറ്റവും കയറുന്ന സമയത്തു് വയലുകളിലേയ്ക്കു് മത്സ്യങ്ങളെ കടത്തി ഏറ്റവും സമയത്തു് അടവേ പിടിച്ചെടുക്കുന്ന "ചെമ്മീൻവാറു്" എന്ന സമ്പ്രദായത്തിനാണു് നശീകരണ പ്രയോഗങ്ങളിൽ പ്രാധാന്യം കൊടുക്കേണ്ടതു്. ഈ നശീകരണവിദ്യ തുടങ്ങിയനാൾ മുതൽ, ഉന്നികളിലും ചീനവലകളിലും മറ്റും ആദായങ്ങൾ കുറഞ്ഞുതുടങ്ങി. ചാൽകൃഷികൾക്കും സാരമായ ദോഷം സംഭവിച്ചു. തുരുത്തുകളിൽ ജലദുർഭിക്ഷവും വന്നു. തെങ്ങുകൾക്കും പറയത്തക്ക ദോഷങ്ങൾ നേരിട്ടു. മത്സ്യത്തിന്റെ വളർച്ച പൂർത്തിയാകുംമുമ്പു് പിടിച്ചെടുക്കുന്നതിനാൽ അതു സംബന്ധമായ കയറ്റുമതിയും കുറഞ്ഞിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വ്യവസായത്തിന്റെ സ്വഭാവത്തെക്കുറിച്ച് അന്വേഷണം ഇല്ല. അല്ലെങ്കിൽ ഗവർമ്മെണ്ടിനും ജനങ്ങൾക്കും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിയേണ്ടതായിരുന്നു.

ഭൂനികുതിയെപ്പോലെ വലിയതുക, കടൽ നികുതിയായിട്ടും കിട്ടാവുന്നതാണ്. കരയിൽ തൊഴിൽ എടുക്കുന്നതുപോലെയുള്ള ആദായം പുഴയിലും കടലിലും തൊഴിലെടുത്താലും കിട്ടാതെ വരികയില്ല.

മത്സ്യാല്പന്നങ്ങളെക്കൊണ്ടുള്ള ഉപയോഗങ്ങൾ ആരും അറിയാത്തതല്ല. ഭക്ഷണത്തിനു വളരെ ആളുകൾ മത്സ്യം ഉപയോഗിക്കുന്നു. യൂറോപ്യന്മാർക്ക് "ഫിഷ് കറി" ഇല്ലാത്തസദ്യ നമുക്ക് ഉപസ്തരണ ശൂന്യമായ സദ്യപോലേയാണ്. മീനെണ്ണയുടെ ഉപയോഗവും വിലയും ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. വിലക്രുടിയ സോപ്പിലും, ചണയിലും മത്സ്യത്തിന്റെ അംശം കലർന്നിട്ടുണ്ടെന്നു നമ്മളിൽ അധികം പേരും അറിഞ്ഞിരിക്കയില്ല. മീൻപശ, പഞ്ഞിവ്യവസായ ശാലകളിൽ അത്യാവശ്യമായ ഒരു സാധനമാകുന്നു. പോലീസ് ഡിപ്പാർട്ടുമെണ്ടുകാർ വാൾപ്പിടി പൊതിയുന്നതു സ്രാവിന്റെ തോൽകൊണ്ടാണെന്നു ധരിച്ചിട്ടുള്ളവരുടെ സംഖ്യ എത്രയോ ചുരുക്കമായിരിക്കും. നമ്മുടെ കടലിലും കായലിലും വളരെ ശംഖുകൾ ഉണ്ട്. അവയെക്കൊണ്ടു "ബട്ടൺ" മുതലായ സാധനങ്ങൾ ഉണ്ടാക്കാം. "ബമ്മിങ്ങ്ഹാം ഫേർമിലും" ലണ്ടൻ ഇമ്പീരിയൽ ഇൻസ്റ്റിറ്റ്യൂട്ടിലും നിന്നു മിശ്യനിൽ വെട്ടിപ്പുറത്തിറങ്ങുന്ന കൂപ്പായക്കുടുക്കുകൾ, നമ്മുടെ കടലിൽ നിന്നും കിട്ടുന്നതുപോലെയുള്ള ശംഖുകളെകൊണ്ടു ഉണ്ടാക്കപ്പെടുന്നവയാകുന്നു. കൊച്ചിയിലെ ജലാശയങ്ങളിൽ ഇത്തിളും മറ്റും കിടക്കുന്നതെവിടെയാണെന്ന് അന്വേഷിക്കാനുണ്ട്. കടൽക്രുഷിയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയാൽ മുത്തുച്ചിപ്പിയിൽനിന്ന് മുത്തുകളും കൂടി നമുക്ക് എടുക്കാമെന്നു തോന്നുന്നു. അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ ശ്രദ്ധ താഴെപറയുന്ന വിഷയങ്ങളിൽ പതിയേണ്ടതാകുന്നു. 1. മത്സ്യത്തിന്റെ സ്ഥിതി, തരഭേദം. 2. മത്സ്യവേല ചെയ്യാൻ ശീലമുള്ള ജനങ്ങൾ, 3. അതിനുതയ്യാറുള്ളവർ. 4. ആ വ്യവസായത്തിൽ പണം മുടക്കാൻ സന്നദ്ധത. 5. മറ്റുദിക്കിൽ അതുകൊണ്ടുണ്ടായ മെച്ചം, അതിൽ നിന്നുണ്ടാകുന്ന ലാഭം.

അന്വേഷണം എന്ന ഘട്ടം കഴിഞ്ഞാൽ പിന്നെ ചെയ്യേണ്ടതു പരീക്ഷണമാകുന്നു. പരീക്ഷണങ്ങളിൽ ഒന്നുംതന്നെ ഇവിടെ നടത്തിനോക്കീട്ടില്ല. വലിയ ബോട്ടുകളും ഉറപ്പുള്ള വലകളുംകൊണ്ടു പുറംകടലിൽപോയി മത്സ്യബന്ധനംചെയ്തു മത്സ്യസമൃദ്ധിയും സമ്പ്രദായവും അറിയാനുള്ളതാകുന്നു. മത്സ്യം പിടിച്ചാൽ കരയിൽ എത്തുന്നതുവരെ അവ ജീവനോടുകൂടി ഇരിക്കാനുള്ള ഏർപ്പാടുകൾ ഇവിടത്തെതൊഴിൽക്കാർക്കു രൂപമില്ല. ഉപ്പിടേണ്ടക്രമംതന്നെ വേണ്ടതുപോലെ ധരിച്ചിട്ടില്ല. ബോറിക്ക്പൌഡ്രയിൻ മുതലായ സാധനങ്ങൾ ഇട്ടു കേടുവരാതെ സൂക്ഷിക്കേണ്ടുന്ന രീതിയും ഇന്നുദിക്കുകാർക്കറിഞ്ഞുകൂടാ. മീനെണ്ണ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കേണ്ട സമ്പ്രദായം കൊച്ചിയിലെ മത്സ്യത്തൊഴിലാളികൾക്ക് ഇനിയും വശമായിട്ടില്ല. ഞാൻ കഴിഞ്ഞ ഒന്നു രണ്ടു അവധിദിവസങ്ങളിൽ മദ്രാസിലും മലബാറിലും പോയിനോക്കി. അവിടങ്ങളിൽ ഈവക സമ്പ്രദായങ്ങളിൽ ജനങ്ങളെ പ്രേരിപ്പിച്ചതും സഹായിക്കുന്നതും മദ്രാസ് ഗവർമ്മെണ്ടാണു്. സർ പ്രഡറിക്ക് നിക്കോൾസൺസായ്പിന്റെ ദിനംപ്രതി കമ്പയുടെ ഫലം അവിടങ്ങളിൽ നല്ലവണ്ണം പ്രതിഫലിച്ചുകഴിഞ്ഞിരിക്കുന്നു. മാഹിയിലെ കാനറീസ്സിലും ഞാൻ പോയി നോക്കീട്ടുണ്ടു്. ചാളമത്സ്യം 'ടിന്നി'ലാക്കി പല ദിക്കുകളിലും അയയ്ക്കുന്നതാണു് അവിടത്തെ മുഖ്യവ്യവസായം. കൊതുകുമുട്ട നശിപ്പിക്കുന്നതിനും മത്സ്യങ്ങളെ വളർത്തി ''മലേറിയ''യെ എതിർക്കുവാൻ മത്സ്യവ്യവസായപരിഷ്കാരം കഴിയുന്നതാണു്. നമ്മുടെ മത്സ്യവേലക്കാർ, വളം ശേഖരിക്കുന്ന കായ്ത്തലും '' എണ്ണ, പശ, മുതലായവ ശേഖരിക്കുന്ന കായ്ത്തിലും തീരെ അറിവില്ലാത്തവരാകുന്നു.

ബ്രിട്ടീഷ് മലബാറിൽ ഫിഷറി സ്കൂളുകൾവെച്ചു് മത്സ്യവ്യവസായത്തിൽ കൂടുതൽ പരിശീലനം നല്കിവരുന്നു മത്സ്യം പിടിയ്ക്കുവാനുള്ള കാലം, മത്സ്യബന്ധനോപകരണങ്ങൾ, ഓരോ കാലങ്ങളിൽ കിട്ടുന്ന മത്സ്യങ്ങളുടെ തരഭേദങ്ങൾ, മുതലായ പല സംഗതികളും ഫിഷറിസ്കൂളുകളിൽ പഠിപ്പിച്ചുവരുന്നു. പ്രസ്തുതവ്യവസായത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി മദ്രാസ് ഗവർമ്മെണ്ടു് കൊല്ലംതോറും മലബാറിൽ ചിലവഴിച്ചുവരുന്നതു് അനേകായിരം ഉറുപ്പികയാണു്. 1926-ൽ 40,000-ൽപരം ഉറുപ്പിക ഗവർമ്മെണ്ടു് ഈ വകയ്ക്കു ചിലവുചെയ്തിട്ടുള്ളതായി കാണുന്നു.

മത്സ്യവ്യവസായ കായ്ത്തിൽ തിരുവിതാംകൂർ ഗവർമ്മെണ്ടിന്റെ നിലയും അനുകരണീയം ആകുന്നു. തിരുവിതാംകൂർ ഗവർമ്മെണ്ടിനു അവിടത്തെ വാലന്മാരിൽനിന്നും ലഭിച്ചുവരുന്ന നികുതി 9,000 ക. യാണു്. എന്നാൽ ആ ഗവർമ്മെണ്ടു് അവിടെ വാലന്മാർക്കു വേണ്ടിമാത്രം ചിലവുചെയ്യുന്ന സംഖ്യ 11,000 ക. യാണുപോൽ. അവിടെ വാലന്മാർക്കു 5 സാങ്കേതികവിദ്യാലയങ്ങളും 27 നാണയസംഘങ്ങളും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്.

മത്സ്യവ്യവസായത്തിനു വളരെ അനുരൂപമായ ഒരു സ്ഥലമാകുന്നു കൊച്ചി. ബൽജിയം കഴിഞ്ഞാൽ ഈ തൊഴിലിനു പറ്റിയതു് കൊച്ചിയാണെന്നു് ഈ വിഷയത്തിൽ നൈപുണ്യമുള്ളവർ സമ്മതിയ്ക്കുന്നു. മുമ്പൊരിക്കൽ ഉപന്യസിച്ചിട്ടുള്ളതാണെങ്കിലും ഒരു സംഗതി അതിന്റെ ഗൌരവം കൊണ്ടു് വീണ്ടും പ്രസ്താവിക്കുവാൻ ഞാൻ നിർബന്ധിതനാകുന്നു. കൊച്ചിയിൽ ഇപ്പോൾ കൃഷി ചെയ്യുന്നതും ഇനി ചെയ്യാവുന്നതുമായ ഭൂമികൾ എല്ലാംകൂടി ഇവിടത്തെ നിവാസികൾ ശരിയായി ഭാഗിച്ചെടുക്കുന്നതായാൽ ആറു് ഒന്നിനു് 15 സെന്റിലധികം സ്ഥലം ഉണ്ടാകയില്ല. ആ സ്ഥിതിക്കു് നമുക്കു് കടൽകൃഷിവർദ്ധിപ്പിച്ചുകൊണ്ടുവരേണ്ടതു് ആവശ്യമാകുന്നു.

താഴെ പറയുന്ന സംഗതികളാൽ ഈ വ്യവസായത്തിന്റെ പ്രവർത്തനം ആവശ്യമാണെന്നു കാണാം. 1. മത്സ്യവ്യവസായം പ്രതി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷത്തിൽ ലാഭമുള്ളതാണ്. ൨. എളുപ്പം നടത്താവുന്നതാണ്. ൩. അതിന് ഉപയോഗിക്കുന്ന കരുക്കളും യന്ത്രങ്ങളും വളരെ ഉർഘടത്തിലല്ല. ൪. വില്ക്കുവാൻ ധാരാളം ചന്തകളും അങ്ങാടികളും ലോകത്തിലുണ്ട്.

മത്സ്യബന്ധനക്കാരെ ജീണബാധയിൽ നിന്നും ഒഴിച്ചെടുത്തതിന്റെശേഷം അവരെ കച്ചവടത്തിൽ പരിചയിപ്പിക്കണം. മട്ടാഞ്ചേരി, റ്റ്ണൻ മുതലായ ദിക്കുകളിൽ അവക്ക് ഗുദാമുകൾ ഉണ്ടായിവരുന്നതുപോലെ ഗവമ്മെൻറ് അവരുടെ കച്ചവട കാര്യത്തിൽ ഉഷ്ടി പതിക്കുന്നതു, അവക്ക് ഉപകാരമായിരിക്കും. കൊച്ചിയിൽ ഫിഷറി സ്കൂളുകൾ, നാണയസംഘങ്ങൾ, മധുവഞ്ജന സംഘങ്ങൾ, കരകൌശലശാലകൾ ഇവയെല്ലാം ഗവമ്മെണ്ടിന്റെ ഒത്താശയോടു കൂടി സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഈ വ്യവസായം ഉൽക്കർഷിക്കുന്നതു് ഇവിടത്തെ ഗവമ്മെണ്ടിനും കൃഷിക്കാർക്കും എന്നു വേണ്ട, നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഉപകാരമായിത്തീരുവാനിടയുള്ളതിനാൽ ഈ വ്യവസായത്തിന്റെ എല്ലാ മുഖങ്ങളേയും കാണിക്കുന്ന ഒരു റിപ്പോർട്ടു് എഴുതി ഗവമ്മെണ്ടിലേക്കു സമർപ്പിക്കുവാൻ ഒരു റിപ്പോർട്ടരെ തല്ക്കാലികമായിട്ടു നിയമിക്കേണ്ടതാണെന്നുള്ള ഈ പ്രമേയം, മാന്യന്മാരായ സാമാജികന്മാരുടെ അനുകമ്പയെ അപേക്ഷിച്ചുകൊണ്ടു് ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. രാമയ്യർ.—ഈ പ്രമേയത്തെ പറ്റി ഗവമ്മെണ്ടു് ദയവുചെയ്തു "മത്സ്യവ്യവസായത്തെക്കുറിച്ചും തൊഴിലാളികളെ കുറിച്ചും അന്വേഷിക്കുന്നതിനു് ആളുകൾ ഇപ്പോൾ ധാരാളം ഉണ്ടു്; അതിലുള്ള ദോഷങ്ങളും അവരുടെ സങ്കടങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും അവർക്കു് അറിയാം; ഇപ്പോൾ പുതുതായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു് ഒരു റിപ്പോർട്ടു വരുത്തേണ്ട ആവശ്യം ഇല്ല. എന്നൊക്കെ പറഞ്ഞു വൈഷമ്യം ഉണ്ടാക്കിത്തിക്കാതെ ഇതു് അത്യാവശ്യമായ ഒരു കാര്യമാണെന്നും—പ്രത്യേകിച്ചു് സാധുക്കളായ—വെള്ളത്തിൽ കിടന്നു കഷ്ടപ്പെടുന്നവരെ സംബന്ധിക്കുന്ന കാര്യമാണെന്നു് ദയവോടു കൂടി ഗവമ്മെണ്ടു് ആലോചിച്ചു് ഈ പ്രമേയം ഇവിടെ പാസ്സാക്കാനും, പാസ്സായ ശേഷം അതിൽ പറയുന്ന കാര്യം കഴിയുന്നതും വേഗം നടപ്പിൽ വരുത്താനും വേണ്ട ഒത്താശകൾ ഗവമ്മെണ്ടു് ചെയ്യണമെന്നുള്ള ഒരപേക്ഷയോടു കൂടി ഈ പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

റാവു സാഹിബ് മിസ്റ്റർ ടി. വി. കതിരിരങ്കയ്യർ.—ഇപ്പോൾ വാലന്മാരുടെ മെംബർ മിസ്റ്റർ കെ. പി. കറുപ്പൻ മത്സ്യവ്യവസായത്തെപ്പറ്റി പലസംഗതികളും ഇവിടെപ്രസ്താവിക്കുകയുണ്ടായി. മത്സ്യവ്യവസായം ശരിയായി പരിപോഷിപ്പിക്കയും, നല്ലനിലയിൽ കൊണ്ടുവരികയും ആവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വാലന്മാരുടെ മാത്രമല്ലാ മുക്കുവന്മാരുടേയും അതിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടേയും നിലയെ അഭിവൃദ്ധിപ്പെടുത്തുകയും അവരുടെ യോഗക്ഷേമത്തിനുവേണ്ട ഏർപ്പാടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകൊടുക്കയും ചെയ്യേണ്ടതു് ഗവമ്മെണ്ടിനു് വളരെ ആവശ്യമുള്ളതു തന്നെയാണു്. ഈ സഭയിലെ മെമ്പർമാരും അങ്ങനെതന്നെ ചെയ്യണം. ഗവമ്മേണ്ടിന്റെ അഭിപ്രായവും അതുതന്നെ. ഈ വക സാധുക്കളുടെ ഉന്നതിക്കായി ഈ വക കാര്യങ്ങൾ ചെയ്യുകൊടുക്കുന്നതിൽ ഗവമ്മെണ്ടിനും ഈ കൌൺസിലിനും ഭിന്നാഭിപ്രായം ഉണ്ടാകാൻ തരമില്ല. (*Hear, Hear.*) പക്ഷെ—(ചിരി) ഒരു കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുണ്ടു്. ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ആവശ്യം ഉണ്ടൊ? മെമ്പറിനു് അങ്ങനെ ഒരാൾ വേണമെന്നാണു് അഭിപ്രായം. ഇപ്പോൾതന്നെ അതിലേയ്ക്കു് ഒരു ഡിപ്പാർട്ടുമെണ്ടു് ഇവിടെ ഉണ്ടു്. ആ ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാക്കു് മത്സ്യവ്യവസായത്തെ പറ്റി മുഴുവനും അറിയാൻ പാടില്ലെങ്കിലും അതിലെ ഉദ്യോഗസ്ഥന്മാർ ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായി ആലോചിച്ചു് എന്തെല്ലാമാണു വേണ്ടതെന്നു തോന്നുന്നുവൊ അതെല്ലാം ചെയ്യാം. കൂടാതെ ഗവമ്മെണ്ടു ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും തന്നെ പ്രത്യേകമായി നിയമിച്ചു് അന്വേഷണം നടത്തി വേണ്ടതു പ്രവർത്തിയ്ക്കാം.

Dr. A. G. Menon.—On a point of information. Are there experts in fishery work?

Rao Sahib Mr. T. V. Kasturi Ranga Ayyar.—I am the Head of the Department. I am not an expert.

Dr. A. G. Menon.—Are there any subordinates in the Government service who are experts?

Rao Sahib Mr. T. V. Kasturi Ranga Ayyar.—We have no experts. മലയാളത്തിൽതന്നെ സംസാരിക്കണം.

ഡാക്ടർ എ. ജി. മേനോൻ.—ഇവിടെ അതിൽ പ്രത്യേകം പരിശീലനം സിദ്ധിച്ചവർ ഉണ്ടൊ?

റാവു സാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇപ്പോൾ ഇല്ല.

മിസ്റ്റർ സി. എ. ഔസേപ്.—ഇതിലേയ്ക്കു മുമ്പു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നില്ലെ? അദ്ദേഹം റിപ്പോർട്ടു് അയച്ചിട്ടുണ്ടൊ?

റാവു സാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—അതു് കുറെ കൊല്ലം മുമ്പുള്ള ഒരു കാര്യമാണു്. അന്നു് ഗവമ്മെണ്ടു് ഒരു ഉദ്യോഗസ്ഥനെ വെക്കുകയുണ്ടായി. ആ കുറെ കൊല്ലംമുമ്പിലത്തെ സ്ഥിതിയും, ഇപ്പോഴത്തെ സ്ഥിതിയും തമ്മിൽ എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു കാലം ക്രമേണ മാറിമാറിക്കൊണ്ടിരിക്കയാണു്. കുറെ കൊല്ലം മുമ്പു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതുകൊണ്ടു് ഇപ്പോൾ ഒരാളെ നിയമിച്ചുകൂടാ എന്നൊ, റിപ്പോർട്ടു വരുത്തിക്കൂടെന്നൊ അല്ല ഞാൻ പറയുന്നതു്. ഈ വ്യവസായത്തെ പരിപോഷിപ്പിക്കേണ്ടതുതന്നെയാണെന്നുള്ള എന്റെ അഭിപ്രായത്തിനു വ്യത്യാസം ഇല്ല. അഗ്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കം ചുർ കഴിഞ്ഞാൽ പ്രധാനമായിട്ടുള്ളതു് നിശ്ചയമായും ഫിഷറിക്കം ചുർ തന്നെയാണു്. ആ സ്ഥിതിക്കു് ഫിഷറിക്കം ചുറിനേയും ശരിയായി നടത്തിക്കൊണ്ടുപോകേണ്ടതു് ഗവൺമെണ്ടിന്റെ ചുമതല തന്നെ. എന്നാൽ ഏതുമാതിരിയാണു് നടത്തേണ്ടതു്, അല്ലെങ്കിൽ പരിപോഷിപ്പിക്കേണ്ടതു് എങ്ങനെയെല്ലാമാണു്, ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് വല്ലതും ചെയ്യാൻ സാധിക്കുമൊ എന്നൊല്ലാം നല്ലപോലെ ആലോചിക്കേണ്ടിയിരിക്കുന്നു. പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കാൻ ഇക്കാര്യത്തിൽ നല്ല പരിചയമുള്ള ആളെ കിട്ടേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള ആളുകൾ ഇവിടത്തെ സർവ്വീസിലുണ്ടൊ, പുറമേനിന്നു ഇക്കാര്യത്തിൽ നല്ല അറിവുള്ളവരെ കിട്ടുമൊ എന്നും ആലോചിക്കേണ്ടതും അന്വേഷിക്കേണ്ടതുമുണ്ടു്.

മലബാർജില്ലയിൽ, കോഴിക്കോടു് മുതലായടിക്കുകളിൽ ഫിഷറിസ്ക്കൂളുകൾ ഉണ്ടെന്നു കേൾവിയുണ്ടു്. വാലന്മുടായത്തിൽ നിന്നും ഒന്നു രണ്ടു കുട്ടികളെ തിരഞ്ഞെടുത്തു് സ്കോളർഷിപ്പോടുകൂടി പ്രസ്തുതസ്കൂളുകളിൽ അയച്ചു പഠിപ്പിച്ചു വരുത്താം. അപ്പോൾ ഇക്കാര്യത്തിൽ എന്തെല്ലാമാണു ചെയ്യേണ്ടതെന്നു അവർ മൂലം തിരക്കി വേണ്ടതു പ്രവർത്തിക്കാം.

മിസ്റ്റർ. സി. എ. ഔസേപ്പു്.—മത്സ്യം പിടിക്കേണ്ടതെങ്ങനെ എന്നു് ഇപ്പോൾ ഡിപ്പാർട്ടുമെണ്ടിൽ നിന്നും ഉപദേശിക്കുന്നുണ്ടൊ?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—ഉവ്വു്, കടലാസ്സിൽ ഉണ്ടു്. ഞാൻ ഇവിടെ കൊണ്ടുവന്നിട്ടും ഉണ്ടു്.

ഡാക്ടർ. എ. ജി. മേനോൻ.—കടലാസ്സിൽ കണ്ടാൽ പോരാ.

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—മത്സ്യം ഉപ്പുജലാശയങ്ങളിലും, തോടുകളിലും, ചാലുകളിലും ശുദ്ധജലങ്ങളിലും ഉണ്ടാകാറുണ്ടു്. ഇവിടെ ഓരോ സ്ഥലങ്ങളിലും എങ്ങനെയാണു് മത്സ്യം വളർത്തേണ്ടതെന്നും പിടിക്കേണ്ടതെന്നും ഒക്കെ ഞാൻ കടലാസ്സിൽ നിന്നും വായിച്ചു മനസ്സിലാക്കീട്ടുണ്ടു്. ഇപ്പോൾ ആ വഴികറെ ഒക്കെ അറിയാം. ഇനി പഠിച്ചിട്ടുള്ള ഒന്നു രണ്ടു ചെറുപ്പക്കാന്മാരെ മുൻപറഞ്ഞ സ്കൂളുകളിൽ അയച്ചു പഠിപ്പിച്ചു വരുത്തി വേണ്ടതെല്ലാം ചെയ്യാം. മത്സ്യം അന്യരാജ്യങ്ങളിലേയ്ക്കു കയറ്റി അയച്ചു വിൽക്കാനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിച്ചു് ഈ വ്യവസായത്തെ വർദ്ധിപ്പിക്കാം. അടുത്ത ബഡ്ജറ്റ് തയാറാക്കുന്ന സന്ദർഭത്തിൽ ഈ വക സംഗതിയെക്കുടി പ്രത്യേകമായി ഗണനചെയ്തു ബഡ്ജറ്റ് തയ്യാറാക്കി വേണ്ടതു് ചെയ്യാം. ഉദ്യോഗസ്ഥനെത്തന്നെ വേണമെന്നു നിർബന്ധം പാടില്ല. നമുക്കു കാര്യമാണു് കാണേണ്ടതു്. മിസ്റ്റർ കുറുപ്പൻ പലസംഗതികളും പറഞ്ഞതിൽ പ്രധാനമായ ഒന്നാണു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കണമെന്നുള്ളതു്. അതിനു സ്പെഷ്യലായും, ജനറലായും അറിവുള്ളവർ വേണം. ഇതൊക്കെ അന്വേഷിച്ചു് പ്രത്യേക ഉദ്യോഗസ്ഥൻ വേണൊ വേണ്ടയൊ എന്നു് ഗവൺമെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു് തീച്ചയ്ക്കാം. ഒന്നു രണ്ടു കുട്ടികളെ സ്കൂളർഷിപ്പോടു കൂടി കോഴിക്കോട്ടു് അയച്ചു പഠിശീലിപ്പിച്ചു വീരുത്താം. അവർ പഠിച്ചുവരാൻ ഒന്നു രണ്ടു കൊല്ലം വേണ്ടിവരികയുള്ളു. ഇക്കാലത്തു് രണ്ടു കൊല്ലമെന്നുപറയുന്നതു് രണ്ടു മിന്നിട്ടുപോലെയാണു്. അതുവരെ നാം ക്ഷമയോടെ കാക്കണം. ഇപ്പോൾ അടുത്ത ബഡ്ജറ്റു് തയ്യാറാക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കാം. എന്നൊക്കെ ഞാൻ വാഗ്ദാനം ചെയ്യുന്നു. അതിനാൽ ഞാൻ പറഞ്ഞപ്രകാരം മതിയെങ്കിൽ മിസ്റ്റർ കുറുപ്പൻ പ്രമേയം പിൻവലിക്കണം. ഞാൻ വാഗ്ദാനം ചെയ്യുന്നതനുസരിച്ചു് ഗവമ്മെണ്ടു് പ്രവർത്തിക്കുന്നതാണു്.

മിസ്റ്റർ. കെ. ടി. മാത്യു.—മുമ്പു റിപ്പോർട്ടു സമർപ്പിക്കാനായി നിയമിച്ച ഉദ്യോഗസ്ഥൻ ആരാണു്?

റാവു സാഹിബു് മിസ്റ്റർ ടി. വി. കസ്തൂരി രങ്കയ്യർ.—അതു്, ഒരുബഹുമാനപ്പെട്ട ആളം ആയിരുന്നു. അദ്ദേഹം ഇപ്പോൾ ഈ കൌൺസിലിന്റെ ഒരു മെംബറായി ഇവിടെ ഉണ്ടു്.

ഡാക്ടർ. എ. ജി. മേനോൻ.—അതു് ആരാണു്?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—അതു് യഹദമെംബർ മിസ്റ്റർ. എ. ബി. സേലം ആണു്.

മിസ്റ്റർ. സി എ. ഔസേപ്പു്.—ഒരു സംഗതി പറയാനുണ്ടു്. മന്ത്രിബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് കുറെ കാലമായി ഗുണകരമായിട്ടില്ല ആ വ്യവസായത്തിന്റെ നില എന്നു് ഗവമ്മെണ്ടു വല്ലപ്പോഴും അറിഞ്ഞിട്ടുണ്ടോ?

റാവു സാഹിബു മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—അതു അറിയാൻ പാടില്ല.

മിസ്റ്റർ. സി. എ. ഔസേപ്പു്.—മിസ്റ്റർ കുറുപ്പൻ ഇവിടെ പറഞ്ഞിട്ടുണ്ടോ?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—മിസ്റ്റർ കുറുപ്പൻ പറഞ്ഞപ്പോൾ കേട്ടിട്ടുണ്ടു്. വലിയ അന്വേഷണമൊന്നുംനടത്തീട്ടില്ല.

മിസ്റ്റർ. കെ. ടി. മാത്യു.—മുമ്പിലത്തെ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു് അനുസരിച്ചു് ഗവമ്മെണ്ടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ?

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—ആ ഉദ്യോഗസ്ഥനെ നിയമിക്കലും, റിപ്പോർട്ടു തിരക്കലും, ഇപ്പോഴത്തെപ്പോലെ അന്നും എന്റെ ചുമതല ആയിരുന്നു. അതു് വർ-ൽ ആണു്. അന്നു് അദ്ദേഹം സാമാന്യം വലുതായ ഒരു റിപ്പോർട്ടു് എഴുതി അയച്ചിട്ടുണ്ടു്. ആ റിപ്പോർട്ടു് കൊച്ചിഗവമ്മെണ്ടു പ്രസ്സിൽ പ്രിൻറുചെയ്യാൻ സാധിക്കാത്തതുകൊണ്ടു് കൊച്ചിൻ ആർഗസു് പ്രിൻറിംഗ് പ്രസ്സിലാണു് പ്രിൻറു ചെയ്യിച്ചതു്.

പ്രിൻറു ചെയ്തുകിട്ടാൻ ആറുമാസത്തെ കാലതാമസം വേണ്ടിവന്നു എന്നു പറയുമ്പോൾതന്നെ ആ റിപ്പോർട്ടു് എത്രത്തോളം ഭീമമായ ഒന്നായിരുന്നുവെന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib Mr. T. V. Kasturi Ranga Ayyar.—I suppose my friend will correct me. I think it was printed in the Cochin Argus Press. It was so voluminous that we could not get it done in our press. പ്രിൻറ ചെയ്തതിനു ശേഷം ദിവാൻ ഒരു പ്രൊസിഡിങ്ങ്സ് പാസ്സാക്കി. അതനുസരിച്ചാണ് ഉന്നികൾക്കും, ചാനവലകൾക്കും ലൈസൻസ് കൊടുക്കുന്നതു്. എന്നുമാത്രമല്ല ഇപ്പോൾ ഫിഷറി സംബന്ധിച്ചു് ഡിപ്പാർട്ട്മെണ്ടിൽ നിന്നും ചെയ്യുന്നതെല്ലാം ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണു്.

മിസ്റ്റർ. ജാർജ്ജ് ചക്യാമറി.—സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. ഇവിടെ ഗവൺമെണ്ടു ഭാഗത്തു നിന്നും ദിവാൻ പേഷ്കാർ അവർകൾ ചെയ്ത പ്രസംഗത്തിൻെറ സാരം, മിസ്റ്റർ കറപ്പൻ പ്രമേയം പിൻവലിക്കേണമെന്നും, ഗവൺമെണ്ടിനു് ഇക്കാര്യത്തിൽ സഹതാപം ഉണ്ടെന്നും, വേണ്ടതു് ആലോചിച്ചു ചെയ്യാമെന്നുമാണു്. ഇതൊക്കെ അദ്ദേഹത്തിനു പതിവുള്ള സൂത്രപ്രയോഗങ്ങൾ എന്നു (ചിരി) മാത്രമേ കരുതാനുള്ളൂ. കഴിഞ്ഞ സഭയിൽ വെളിയത്താമ്പാറമ്പിനെ പററി ഇവിടെ വിമർശനം ഉണ്ടായപ്പോൾ ദിവാൻ പേഷ്കാർ അവർകൾ വളരെ സഹതാപത്തോടു കൂടി പല കാര്യങ്ങളും പറഞ്ഞിട്ടു് അന്നു പ്രമേയം പിൻവലിക്കാനാണു് മിസ്റ്റർ രാമനോടു അവസാനമായി ആവശ്യപ്പെട്ടതു്. അല്ലാതെ കാര്യമായി ഇതേവരെ അദ്ദേഹം ഒന്നും പ്രവർത്തിച്ചുകണ്ടില്ല. അതുപോലെയുള്ള സൂത്രം ഉപയോഗിച്ചുകൊണ്ടാണു് ഈ പ്രമേയവും പിൻവലിക്കാൻ മിസ്റ്റർ കറപ്പനോടു ആവശ്യപ്പെടുന്നതു്. മിസ്റ്റർ കറപ്പൻ ദിവാൻപേഷ്കാരുടെ ഈ മിരട്ടിലും സൂത്രത്തിലും കുടുങ്ങി പ്രമേയം പിൻവലിക്കരുതെന്നു് ഞാൻ പ്രത്യേകമായി മിസ്റ്റർ കറപ്പനോടു് അപേക്ഷിച്ചുകൊള്ളുന്നു. ശരിയായ ഒരു അന്വേഷണം നടത്തുകയാണെങ്കിൽ മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ്ഥിതി ഓരോകൊല്ലം ചെല്ലുംതോറും മോശപ്പെട്ട വരികയാണെന്നു മനസ്സിലാക്കാൻ ഒട്ടും പ്രയാസമുണ്ടാകയില്ല. ഇതു് യഥാർത്ഥമാണു്. വാലന്മാരല്ലാത്ത സമുദായക്കാരും ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽ പ്രസ്തുത തൊഴിലാളികൾ വളരെ ഉണ്ടു്. അവരുടെ ദയനീയ സ്ഥിതിയെപ്പററി എനിക്കു് നല്ലവണ്ണം അറിയാം. അവർ ഉപജീവനത്തിനുപോലും മാർഗ്ഗമില്ലാതെ ചിലപ്പോൾ കഷ്ടപ്പെടുന്നു. അവരുടെ വ്യവസായം വളരെ മോശനിലയിലാണു് സ്ഥിതിചെയ്യുന്നു്. പ്രത്യേകിച്ചും ചെമ്മീൻെറ കാര്യം വളരെ വളരെ മോശത്തിലാണു കാണുന്നതു്. അതിൻെറ കാരണം എന്തുതന്നെ ആയാലും ഇപ്പോൾ വാലന്മാർക്കും മറ്റും കിട്ടുന്ന ചെമ്മീൻ വളരെ കുറവാണു്. മിസ്റ്റർ കറപ്പൻ പ്രസ്താവിച്ചതുപോലെ വളരാൻ അനുവദിക്കാതെ ചെറുതായിരിക്കുമ്പോൾ തന്നെ അതുകളെ പിടിച്ചുകൂട്ടുന്നതാണു് ഇതിനു പ്രധാനകാരണമായി പറയുന്നതു്. അതിനു് എന്തെങ്കിലും നിവാരണ

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗം ഉണ്ടാക്കി അവരെ സഹായിക്കാൻ ശ്രമിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതല ആണു്.

റാവു സാഹിബു് മിസ്റ്റർ. ടി. വി. കസ്തൂരി രങ്കയ്യർ.—അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ. ജാജു് ചക്യാമറി.—ഡിപ്പാർട്ടുമെണ്ടിലുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഇതിലേക്കായി നിയോഗിച്ചുറിപ്പോർട്ടു വരുത്താം എന്നു് ദിവാൻപേഷ്കാർ അവർകൾ പറയുകയുണ്ടായി. അതു് ഒട്ടും പോരാ. അവർ സക്കാർ ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ സക്കാരിന്നു അനുകൂലമായ നിലയിലേ റിപ്പോർട്ടു എഴുതുകയുള്ളു എന്നാണു് എന്റെ വിശ്വാസം. വാലസമുദായത്തിൽ നിന്നും ഒന്നു രണ്ടു കുട്ടികളെ അയച്ചു പഠിപ്പിച്ചു വരുത്തി റിപ്പോർട്ടു തയ്യാറാക്കാമെന്നു ദിവാൻപേഷ്കാർ അവർകൾ പറഞ്ഞതു് അദ്ദേഹത്തിന്റെ മറ്റൊരു മിരട്ടാണു (ചിരി). ഗവമ്മെണ്ടിൽ നിന്നും അന്വേഷണം നടത്താൻ ആളെ നിയമിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ സൂത്രം ഒന്നും എടുക്കാതെ ഇപ്പോൾതന്നെ ആളെ നിയിമിക്കേണ്ടതാണു്. അതുകൊണ്ടു് ഈ സഭ സൂത്രം പറഞ്ഞും സൂത്രത്തിൽ അകപ്പെട്ടും ഈ സന്ദർഭത്തെ പാഴാക്കാതെ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സാധുജനങ്ങളുടെ രക്ഷയ്ക്കും സഹായത്തിനും വേണ്ടി ഈ പ്രമേയം ഇവിടെ പാസ്സാക്കാനും പാസ്സാക്കിയാൽ നടപ്പിൽ വരുത്താനും വേണ്ടശ്രമം ചെയ്യേണ്ടതാണെന്നുള്ള അപേക്ഷയോടു കൂടി ഈ പ്രമേയത്തെ ഞാൻ ബലമായി അനുകൂലിച്ചുകൊണ്ടു ഈ പ്രസംഗത്തെ അവസാനിപ്പിക്കുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ബഹുമാനപ്പെട്ട വാലമെമ്പർ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. "സാധുക്കളായിട്ടുള്ള ആളുകളെ എല്ലാ വിധത്തിലും സഹായിക്കുക, ധനമുള്ളവരേക്കാൾ കൂടുതലായ വാത്സല്യത്തോടു കൂടി അവരെ സംരക്ഷിക്കുക" ഇതാണു് രാജധർമ്മം. ഈ തോതനുസരിച്ചു നോക്കുകയാണെങ്കിൽ ഇന്നു് വാലന്മാരെപോലെ 'വെള്ളത്തിലായിട്ടുള്ള' വേറൊരു വർഗ്ഗക്കാരെ ഈ കൊച്ചിരാജ്യത്തിൽ കാണുകയില്ല. (ചിരി). അതുകൊണ്ടു് എന്തെങ്കിലും ന്യായമായിട്ടുള്ള മാർഗ്ഗങ്ങളിൽ കൂടി ഈ വർഗ്ഗക്കാരുടെ രക്ഷയ്ക്കു വേണ്ട എർപ്പാടുകൾ കഴിയുന്നിടത്തോളം ഉണ്ടാക്കിക്കൊടുക്കേണ്ട വലുതായ ഒരു ചുമതല നമ്മുടെ ഗവമ്മെണ്ടിനുണ്ടെന്നാണു എന്റെ പക്ഷം. പലവിധമായ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കുന്ന വർഗ്ഗക്കാരിൽപെട്ട ഒരു ജനസമൂഹമാണു് വാലസമുദായം. അവർക്കു് കൂടി കിടക്കാൻ പോലും സ്ഥലമില്ല. ഉപജീവനത്തിനു് മത്സ്യബന്ധനമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അവർ മത്സ്യം പിടിച്ചു കാലം കഴിച്ചുകൂട്ടുന്നവരാണു്. അതിൽ നിന്നു് ഉപജീവനത്തിനു വേണ്ട വക ലഭിച്ചാലും വരികയില്ല. ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണു് ഹാർബറും പുതിയ ചട്ടങ്ങളും വന്നു ചേർന്നതു്. അതു കാരണം അവരുടെ തൊഴിലും മുട്ടി. രണ്ടു കൊല്ലം മുമ്പെ ഈ വ്യവസായത്തെ

LIBRARY ARCHIVES Kerala Legislative Assembly

യും അതിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും സ്ഥിതിയെ പറ്റി അന്വേഷിക്കുന്നതിനു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. ആ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിനെ ആസ്പദമാക്കിക്കൊണ്ടു് ചില പരിഷ്കാരങ്ങളും മറ്റും വരുത്തിയെന്നാണു് ദിവാൻപേഷ്കാർ അവർകൾ ഇവിടെ കുറച്ചു മുമ്പെ പറഞ്ഞതു്. ഏറെ കൊല്ലം കഴിഞ്ഞു. ഇപ്പോഴത്തെ അവരുടെ നില വളരെ മോശമായിതീർന്നിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്. ഞാനും അധഃകൃതരെന്നു പറയപ്പെടുന്ന വർഗ്ഗങ്ങളിൽ ഉൾപ്പെട്ടതുപ്പെട്ട ഒരാളാകയാൽ ഇതിനെ പറ്റി നേരിട്ടറിയാൻ എനിക്കു് ഇടയായിട്ടുണ്ടു്. ജനങ്ങൾ ക്രമേണ ഒരു അധഃകൃതസംരക്ഷനെ നിയമിച്ചു തരണമെന്നു് ഗവർമ്മെണ്ടിനോടു ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ആ ഉദ്യോഗസ്ഥനെ ഇപ്പോൾ വെക്കും, ഇപ്പോൾ വെക്കും, എന്നു കേട്ടിട്ടു് കാത്തിരുന്നു. അവസാനം ഒരു നിയമനവും ഉണ്ടായില്ല. ശ്രുതിയും അവസാനിച്ചു. ഞങ്ങൾ അക്ഷമരായി ഇതേവരെ കാത്തിരുന്നിട്ടും ഒരു പ്രയോജനവും ഉണ്ടായില്ല. ആ ഉദ്യോഗസ്ഥനെ നിയമിച്ചാലെങ്കിലും മത്സ്യവ്യവസായം മുതലായ പലേ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ ദോഷങ്ങളേയും സങ്കടങ്ങളേയും നേരിട്ടറിഞ്ഞു പരിഹാരമാർഗ്ഗം ആ ഉദ്യോഗസ്ഥൻ ഉണ്ടാക്കുമെന്നായിരുന്ന ഞങ്ങളുടെ പ്രതീക്ഷ ഇത്രനാളും ആ ആശയെങ്കിലും ആശ്വാസത്തിനു വഴിയായിരുന്നു. ഇതേവരെ അതു ഉണ്ടായില്ല. ആശയും നശിച്ചു. അതിനാൽ ഈ പ്രമേയത്തിൽ പറയുന്ന പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചെങ്കിലും മേലാൽ കാര്യങ്ങൾ അന്വേഷണം നടത്തേണ്ടതാണു്. വിശേഷിച്ചു് വാലന്മാരുടെ കാര്യം വളരെ അധോഗതിയിൽ ആയിട്ടുണ്ടെന്നു ദിവാൻപേഷ്കാരവർകൾക്കു തന്നെ, അദ്ദേഹത്തിനു ശരണം കൊടുക്കാതെ കൂട്ടികൊണ്ടിരിക്കുന്ന ഹജ്ജികളുടേയും സങ്കടങ്ങളുടേയും എണ്ണംകൊണ്ടു് നല്ലവണ്ണം അറിയാറായിട്ടുണ്ടു്. ഏറ്റവും സമയത്തു് കടലിൽ നിന്നു് ധാരാളമായി മീൻ കരയ്ക്കു വരുന്നു. അപ്പോൾ മീൻ പിടിച്ചാൽ പക്ഷെ അവയെ കൂട്ടമായിരിക്കാം. എന്നാൽ ആ സമയം പിടിക്കുന്നതു് അവരുടെ സമുദായാചാരപ്രകാരം അധർമ്മമായിട്ടാണു് പരിഗണിക്കപ്പെട്ടിരിക്കുന്നതു്. ഇറക്കുസമയത്തു മാത്രമെ മത്സ്യം പിടിക്കാറുണ്ടായിരുന്നുള്ളൂ. മത്സ്യം കായലിൽ വന്ന പെരുകി തിരികെ കടലിലേക്കു തന്നെ പോകുന്ന അവസരത്തിൽ മാത്രമെ പിടിപ്പാൻ പാടുള്ളൂ. അങ്ങനെ ആയാൽ എന്നും മത്സ്യം ഉണ്ടായിരിക്കും. ഇപ്പോൾ മത്സ്യത്തെ വാറി പിടിക്കുന്ന പുതിയ സമ്പ്രദായം ഗവർമ്മെണ്ടു് ലാഭത്തെ കരുതി നടപ്പാക്കി. പണ്ടു കാലങ്ങളിൽ ഗവർമ്മെണ്ടു് ചാരായം വാറുന്നതായിട്ടേ കേട്ടിരുന്നുള്ളൂ. ഇപ്പോൾ മത്സ്യവും വാറിത്തുടങ്ങിയിരിക്കുന്നു. (ചിരി). ഇങ്ങനെ പലവിധത്തിലുള്ള പിടിത്തം കൊണ്ടു മത്സ്യം കിട്ടാതെയായി. ഉന്നികളിൽ പലതും സർക്കാരിൽ നിന്നു് നീക്കം ചെയ്തുകളഞ്ഞതായി ദിവാൻപേഷ്കാർ അവർകൾക്കു തന്നെ നല്ലവണ്ണം അറിയാം. കൊച്ചി അഴിമുഖത്തുണ്ടായിരുന്ന ഉന്നിവലകൾ എല്ലാം ഹാർബറിന്റെ ആവശ്യവും പറഞ്ഞു് സ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർ എടുത്തുകളഞ്ഞു. ആ സംഭവം വാലന്മാരുടെ വായിൽ മണ്ണടിക്കുകയാണു ചെയ്തത്.

റാവു സാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—വായിൽ മണ്ണൊന്നും അടിച്ചില്ല. ഗവമ്മെണ്ടിൽനിന്നും ഓരൊ വലയ്ക്കും ഫ്രീ ഗ്രൂപവീതം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ എം. കെ. രാമൻ.—ഫ്രീ ഗ്രൂപ കൊടുത്തത് വലിയ കാര്യമൊന്നുമല്ല. ഫ്രീ ഗ്രൂപാ എത്ര ദിവസം നിൽക്കും? അവരുടെ ഉപജീവനത്തിനുള്ള തൊഴിൽ എടുത്തു ഫ്രീ ക. കൊടുത്തത് ഒരു പ്രതിഫലമായോ? അതിരിക്കട്ടെ, അതിനു വഴിപറയുന്നില്ല. ഗവമ്മെണ്ടു് തക്കതായ ആവശ്യം കൂടാതെയാണു് അവകാശം എടുത്തുകളഞ്ഞതെന്നു് ഗവമ്മെണ്ടിനെ കുറപ്പെടുത്താനായിട്ടല്ല ഞാൻ ഇതു പറയുന്നതു്. അതുകൊണ്ടു് സാധുക്കളായ വാലന്മാക്കു ഉണ്ടായ ദോഷത്തെ വിശദമാക്കണമെന്നേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. ഇപ്പോഴത്തെ സമ്പ്രദായപ്രകാരം മത്സ്യം ശരിയായി കിട്ടാൻ ഇടയില്ല. അഥവാ വല്ല മത്സ്യവും കിട്ടിയാൽതന്നെയും അതുകൊണ്ടുള്ള ആദായം അവക്കല്ല ലഭിക്കുന്നതു്. അവർ മത്സ്യം പിടിച്ചു കരയ്ക്കു വരുമ്പോൾ കച്ചവടക്കാർകാത്തുനിന്നു് ലക്കിൽ തട്ടിക്കൊണ്ടുപോകും. ആ കച്ചവടക്കാർ ലാഭം എടുക്കും. പിടിക്കുന്ന വാലന്മാക്കു് അതുശരിയായി വിലക്കുവിറ്റു് ആദായം എടുക്കാൻപോലും കച്ചവടക്കാർ സമ്മതിക്കുന്നില്ല. കരയിൽ എത്തുമ്പോൾ കച്ചവടക്കാക്കു കൊടുത്തുകൊള്ളണമെന്നാണു് കച്ചവടക്കാരുടെ നിർബന്ധം. അതിനെ എതിർക്കുവാൻ സാധുവാലന്മാക്കു കഴിയുമൊ? അങ്ങനെ വാലന്മാർ ചെയ്യുന്ന തൊഴിലിനു പ്രതിഫലംപോലും ആ സാധുക്കൾക്കു കിട്ടാൻ ഇടയാകുന്നില്ല. അതുകൊണ്ടാകുൻ മിസ്റ്റർ കറുപ്പൻ ഇന്നു് ഈ പ്രമേയം ഇവിടെ ഹാജരാക്കാൻ ഇടയായതു. അതിനുവേണ്ട സഹായ സഹകരണങ്ങൾചെയ്തുകൊടുക്കേണ്ട വലുതായ ചുമതല ഗവമ്മെണ്ടിനുണ്ടു്. ഈ വ്യവസായത്തെക്കുറിച്ചു് അറിവുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു് നാനാമുഖങ്ങളടങ്ങിയ ഒരു റിപ്പോർട്ടു വരുത്തേണമെന്നാണു് മിസ്റ്റർ കറുപ്പൻ പ്രധാനമായി ആവശ്യപ്പെടുന്നതു്. ദിവാൻപേഷ്കാരവർകൾ അദ്ദേഹത്തിനു് സഹജമായ വാഗ്ധാടിയോടുകൂടി ഈ പ്രമേയത്തിനു ഒരു മറുപടി പറയുകയുണ്ടായി. രണ്ടു മൂന്നു വാലയുവാക്കന്മാരെ ഫിഷറിസ്കൂളുകളിൽ അയച്ചു് സ്കോളർഷിപ്പുകൊടുത്തു പഠിപ്പിച്ചു വരുത്തി വേണ്ടതുചെയ്യാമെന്നാണു് അദ്ദേഹത്തിന്റെ മറുപടിയിലെ സാരമായ ഭാഗം. അങ്ങനെചെയ്താൽ നല്ലതുതന്നെ. പക്ഷേ, അതു് ഇപ്പോഴത്തെ കഷ്ടതകൾക്കു് പരിഹാരമാവുകയില്ല. രണ്ടു മൂന്നു വാലവിദ്യാർത്ഥികളെ കോഴിക്കോട്ടൊ മാഹിയിലൊ അയച്ചുപഠിപ്പിച്ചു വരുത്തി ഗവമ്മെണ്ടു സഹായത്തോടുകൂടിയൊ അല്ലാതെയൊ ഒരു സ്ഥാപനം ഉണ്ടാക്കി വരുമ്പോഴേക്കു് ഇപ്പോഴുള്ള വാലന്മാരൊന്നും ഉണ്ടാകയില്ല. ഇപ്പോൾ ദാരിദ്ര്യംകൊണ്ടു് ബുദ്ധിമുട്ടി ഉപജീവനത്തിനുപോലും നിവൃത്തിയില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന വാലന്മാക്കു ആ മാർഗ്ഗം ഒരു ഉപശാന്തി ആവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതു് വരുംകാലത്തേക്കുള്ള ആലോചനയാണു്. ഇപ്പോഴുള്ള വരുടെ സങ്കടപരിഹാരത്തിനായിട്ടാണു് ഈ പ്രമേയാവതരണം. വാലന്മാരുടെ ഇടയിൽ ഒരുമാതിരിയെങ്കിലും സ്വത്തും നിലയും വിലയും ഉള്ളവർ വളരെ ദുർല്ലഭമാണു്. അവർ വളരെ കഷ്ടതയിൽ കിടക്കുന്ന ഒരു സാധുസമുദായക്കാരാണു്. അവരെ ആ കഷ്ടതയിൽനിന്നും മോചിപ്പിച്ചു് അവക്കുവേണ്ട സഹായസഹകരണങ്ങളും അനുഭാവത്തോടുകൂടി ഇപ്പോൾതന്നെ ചെയ്തുകൊടുക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ടെന്നു് നല്ലവണ്ണം മനസ്സിലാക്കണം. അതിനു് ഒന്നാമതായി പ്രമേയകർത്താവിന്റെ അപേക്ഷയനുസരിച്ചു് ഇക്കാര്യത്തെസംബന്ധിച്ചു് അന്വേഷിക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെതന്നെ നിയമിച്ചു് ചുമതല ബോധത്തോടുകൂടി ജോലി ചെയ്യിപ്പിക്കേണമെന്നു് ഉൽബോധിപ്പിച്ചുംകൊണ്ടു് പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു.

മിസ്റ്റർ. ഐ. ഇ. അന്ത്രൂക്കൻ.—ഈ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. പക്ഷെ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ള മെമ്പറിനു് ചിലസംഗതികളിൽ ഏതാനും തെറ്റിദ്ധാരണകളും ഉണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അതായതു് മത്സ്യബന്ധനം എന്നുള്ളതു് വാലന്മാർ മാത്രം ചെയ്യേണ്ട തൊഴിലാണെന്നോ, അഥവാ വാലന്മാർക്കു് മത്സ്യബന്ധം മാത്രമേ ചെയ്യാവൂ എന്നോ അദ്ദേഹം ധരിച്ചിട്ടുണ്ടോ എന്നാണു" പ്രസംഗത്തിൽ നിന്നും എനിക്കു് ഉണ്ടായ സംശയം. മത്സ്യം പിടിക്കുന്നതു് ഒരു പ്രത്യേക ജാതിക്കാരുടെ തൊഴിലല്ല. പല ജാതിക്കാരും മത്സ്യംപിടിച്ചു് കാലക്ഷേപം കഴിച്ചുവരുന്നുണ്ടു്. വാലന്മാരിൽ തന്നെ മത്സ്യം പിടിക്കാതെ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും ഉണ്ടു്. അതുകൊണ്ടു് മത്സ്യം പിടിക്കുന്ന കാര്യത്തിൽ വാലന്മാരുടെ സംഗതിമാത്രം എടുക്കാൻ പാടില്ലെന്നാണു് അഭ്യമായി എനിക്കു് പറയാനുള്ളതു്.

രണ്ടാമതായിഈ തൊഴിലിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അദ്ദേഹം പ്രസ്താവിച്ച നിർദ്ദേശങ്ങളിൽ ഒരു സംഗതിയിൽ എതിരഭിപ്രായം ഉണ്ടാകാനിടയുണ്ടു്. ക്രമമല്ലാത്ത മത്സ്യബന്ധനത്തെ തടയേണ്ടതാണെന്നു് മെമ്പർതന്നെ പറയുകയുണ്ടായി. അതിൽ പ്രധാനമായി ചൂണ്ടിക്കാണിച്ചതു് നിലങ്ങളിലും ചാലുകളിലും ഉള്ള ചെമ്മീൻ മത്സ്യത്തെ വാരിപിടിക്കുന്നതിനെ തടയണമെന്നാണു്. ഏറ്റവും സമയത്തു് പുഴകരുക്കു സമീപമുള്ള നിലങ്ങളിൽ വെള്ളം കയറുന്നതോടുകൂടി ചെമ്മീൻ കടക്കുമ്പോൾ ടി നിലങ്ങളുടെ വായ്കൾ തുറന്നുവെച്ചു് ഇറക്കുസമയത്തു് ചെമ്മീൻ വാരാ അഥവാ വലകെട്ടി പിടിക്കുകയാണു് ചെയ്യുന്നതു്. ഇതിൽ നിന്നും ഉള്ള ആദായം നിലം ഉടമസ്ഥന്മാരാണു് എടുത്തുവരുന്നതു്. ഇതു് നിലം ഉടമസ്ഥന്മാർക്കു് വളരെ ആദായകരമായിട്ടാണിരിക്കുന്നതു്. നിലങ്ങളിൽ നിന്നും നെല്ലായി ലഭിക്കുന്ന ആദായത്തെപോലെ അല്ലെങ്കിലും ഏകദേശം അതുതന്നെ ചെമ്മീൻ പിടിത്തം കൊണ്ടും കിട്ടുന്നുണ്ടെന്നാണു് നിലം ഉടമസ്ഥന്മാർ പറയുന്നതു്. ഇങ്ങനെ നിലം ഉടമസ്ഥന്മാർക്കു ലഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന വലുതായ ഒരു ആദായത്തെ പെട്ടെന്ന് നിയമം കൊണ്ടു നിരോധിക്കുന്ന പക്ഷം അവർ വലുതായ തടസ്ഥങ്ങളും ആവലാതികളും പുറപ്പെടുവിക്കാനിടയുണ്ട്. ഇങ്ങനെ വലുതായ ആദായമുള്ള ഒരു സമ്പ്രദായത്തെ അധഃകൃതരല്ലാത്ത ജാതിയിൽ ഉള്ളവരിൽ വളരെ കഷ്ടപ്പെട്ട ജീവിക്കുന്നവരും ഈ സമ്പ്രദായം അനുഷ്ഠിക്കുന്നവരുമായജനങ്ങൾക്കു ഉപദ്രവകരമാകത്തക്കവണ്ണം മത്സ്യബന്ധത്തെ നിബന്ധിക്കുന്നതായാൽ വലുതായ പ്രക്ഷോഭങ്ങൾക്കും കുഴപ്പങ്ങൾക്കും ഇടയാകുന്നതാണ്. അതിനാൽ ഈ സമ്പ്രദായത്തെ തടയുന്ന നിയമം നടപ്പാക്കാതെ മറുവഴിയിൽ മത്സ്യബന്ധത്തിനു വേണ്ട പരിഷ്കാരങ്ങളും ഏർപ്പാടുകളും വരുത്തുകയാണെങ്കിൽ വളരെ നല്ലതുതന്നെ. ഇപ്പോൾ മറുള്ളവർക്കു ലഭിച്ചുവരുന്ന ആദായത്തിനു തടസ്ഥം വരുത്തുകയാണെങ്കിൽ വലുതായ ആവലാതിക്കും പ്രതിഷേധത്തിനും കാരണമായിത്തീരും.

പ്രസിഡെണ്ട്.—പ്രമേയത്തെ അനുകൂലിക്കുകയൊ വിരോധിക്കുകയൊ ചെയ്യുന്നതു.

മിസ്റ്റർ ഐ. ഇ. അബൂക്കൻ.—മത്സ്യബന്ധത്തെ പരിഷ്കരിക്കുന്നതിൽ ഞാൻ അനുകൂലിക്കതന്നെ ചെയ്യുന്നു. നിലങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതിനെ നിരോധിക്കാൻ പാടില്ല.

പ്രസിഡെണ്ട്.—ഒരാളെ പ്രത്യേകമായി നിയമിച്ച് റിപ്പോർട്ടു വരുത്തിയതിനുശേഷം ആ കാര്യത്തെപറ്റി ആലോചിച്ചാൽ പോരേ?

മിസ്റ്റർ ഐ. ഇ. അബൂക്കൻ.—അങ്ങനെമതി.

മിസ്റ്റർ സി. എ. ഔസേപ്പു.—കരയുന്ന കുട്ടികൾക്കു അമ്മമാർ പോലും വല്ലതും കൊടുക്കുകയുള്ളു. എല്ലാവർക്കും കൊടുക്കേണ്ടതു അമ്മയുടെ ജോലിയാണു്. പക്ഷെ, നിലവിളിക്കുന്നവർക്കു് ആദ്യം കൊടുക്കും. ഇതു് ഗവർമ്മെണ്ടു പഠിച്ചൊ പഠിക്കാതെയൊ ആചരിച്ചുവരുന്ന ഒരു നയമാണു്. ഈ വിഷയത്തെ സംബന്ധിച്ചു് യുക്തമെമ്പർ മിസ്റ്റർ സേലം സുദീർഘമായ ഒരു റിപോർട്ടു് ഗവർമ്മെണ്ടിൽ സമർപ്പിച്ചിട്ടു് കൊല്ലം രണ്ടു ആയി. അതു് അച്ചടിക്കുന്നതിനു തന്നെ ഗവർമ്മെണ്ടിനു വലിയ ചെലവു ഉണ്ടായെന്നു ദിവാൻപേഷ്കാർ അവർകൾ പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് അച്ചടിക്കുന്നതിനു മുമ്പായി ഗവർമ്മെണ്ടു അതു് വായിച്ചുനോക്കീട്ടില്ലെന്നു തീർച്ചയാണു്. അതിനുശേഷം (അച്ചടി കഴിഞ്ഞതിൽപിന്നെ) എങ്കിലും വായിച്ചു നോക്കീട്ടുണ്ടൊ എന്നു സംശയിക്കത്തക്കനിലയിലാണു ദിവാൻപേഷ്കാരവർകളുടെ പ്രസംഗം.

റാവു സാഹിബ്ബു് മിസ്റ്റർ ടി. വി. കുട്ടിരങ്കയ്യർ.—മിക്ക ഭാഗങ്ങളും വായിച്ചു നോക്കീട്ടുണ്ടു്.

മിസ്റ്റർ സി. എ. ഔസേപ്പു്.—വായിച്ചുനോക്കീട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടിനു പണംകൊടുക്കാനുള്ള ഭാഗങ്ങൾ മാത്രം. (ചിരി) അതുകൂടാതെ മിസ്റ്റർ സേലം ചില ഭാഗങ്ങൾ കൂടി എഴുതിയിരുന്നു. അതു വായിച്ചിട്ടുണ്ടൊ എന്ന കാര്യം എനിക്കു സംശയമാണു്. എന്തെന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ആ ഭാഗങ്ങൾ അനുസരിച്ച് ഗവൺമെണ്ട് ഇതേവരെ ഒന്നും പ്രവർത്തിച്ചു കണ്ടില്ല. ഫ്രവ കൊല്ലമായി ഗവൺമെണ്ട പ്രവർത്തിച്ചിട്ടില്ലെന്ന് ഞാൻ ബലമായി പറയുന്നു. അതിന് എതിരഭിപ്രായം ഉണ്ടാകുമെന്ന് എനിക്കുതന്നെ അറിയാം. ഗവൺമെണ്ട് മത്സ്യബന്ധനത്തിൽ പരിഷ്കാരങ്ങൾ യാതൊന്നും കഴിഞ്ഞ ഫ്രവ കൊല്ലമായി ചെയ്തിട്ടില്ലെന്നില്ല. ഉന്നിക്കുറികളിൽ വിളക്കുകത്തിച്ചു വെക്കുന്ന പരിഷ്കാരം നടപ്പാക്കിട്ടുണ്ട്. ഇതാണൊ പരിഷ്കാരം? ഇതാണ് ഗവൺമെണ്ടു കായ്മായിചെയ്തിട്ടുള്ളതു. ഇതാണൊ, സർ, മത്സ്യബന്ധനം പരിഷ്കരിക്കാൻ ഗവൺമെണ്ടു ചെയ്യേണ്ട പ്രധാന കായ്മം? മത്സ്യവ്യവസായം കൃഷിയേപ്പോലെ അല്ലെങ്കിലും കൃഷികഴിഞ്ഞാൽ പ്രധാനമായ ഒന്നാണ്. ഉന്നിക്കുറികളിൽ വിളക്കുകത്തിച്ചു വെക്കുന്ന സമ്പ്രദായം വാസ്തവത്തിൽ ഗുണത്തിനുപകരം ദോഷത്തേയാണു ചെയ്യുന്നതു്. ഉന്നിക്കുറികളിൽ വെക്കുന്ന വിളക്കിന്റെ വെളിച്ചംകണ്ടു് മത്സ്യം അവിടെ അധികമായി ചെന്നുകൂടും. വലിയതിനേയും ചെറിയതിനേയും പിടിച്ചുതുടങ്ങും. ചെറിയ മത്സ്യങ്ങളെ പിടിക്കുന്നതിനാൽ അവയുടെ വർദ്ധന കുറയുന്നു. ഇങ്ങനെ ഈ സമ്പ്രദായം ദോഷകരമായി പരിണമിക്കുന്നു. കൃഷിക്കു വേണ്ടി ഫ്രം ലക്ഷം രൂപയിൽ പരം ചിലവാക്കീട്ടുണ്ടു്. എന്നാൽ ഇതിനായി (മത്സ്യബന്ധന പരിഷ്കരണത്തിനു്) ഗവൺമെണ്ടു് ഒരു പൈ എങ്കിലും ചിലവാക്കിട്ടുണ്ടൊ? ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഗവൺമെണ്ടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടൊ? യാതൊന്നും ഇല്ല. ഫ്രവ കൊല്ലമായി റിപ്പോർട്ടു് കൈയിൽ വെച്ചുകൊണ്ടിരുന്നിട്ടും ഒന്നും ചെയ്യാൻ ഗവൺമെണ്ടിനു് കഴിഞ്ഞില്ല. എന്നിട്ടും ഗവൺമെണ്ടു് ഇപ്പോഴും പറയുന്നതു "നില്ക്കിൻ, വരട്ടെ, രണ്ടു കുട്ടികളെ കോഴിക്കോട്ടയച്ചു് മത്സ്യംപിടിക്കുന്ന രീതി പഠിപ്പിച്ചു വരുത്തട്ടെ" എന്നാണു്. മത്സ്യംപിടിക്കാൻ എല്ലാവർക്കും അറിയാം. എപ്പോൾ മത്സ്യം കിട്ടും, എപ്പോൾ കിട്ടുകയില്ല, എന്നൊക്കെയാണു് അറിയേണ്ടതു്. ഇപ്പോൾ പിടിക്കേണ്ട വിധത്തിലല്ല പിടിക്കുന്നതു്. ഒരു കഥപറഞ്ഞു കേട്ടിട്ടുണ്ടു്. അതായതു് ഒരാൾ വലക്കണ്ണി വലുതാക്കിയില്ലെങ്കിൽ രാജ്യം നശിച്ചുപോകുമെന്നു പറഞ്ഞു. ചെറിയ മത്സ്യങ്ങൾ വലയിൽപെട്ടു പോകുന്നതിനാൽ മേലാൽ മത്സ്യം കുറഞ്ഞുപോകുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള സമുദായങ്ങൾ പട്ടിണി കിടക്കേണ്ടിവരികയും രാജ്യത്തു് ആകെ അസമാധാനമാകയും ചെയ്യുന്നു. ഫ്രം കൊല്ലങ്ങളായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾക്കു യാതൊരു ഗുണവുമില്ല. അതു് വാലന്മാർക്കുള്ള പരസ്പരസഹായസംഘങ്ങൾ വഴിയായി എനിക്കു് അറിയാൻകഴിഞ്ഞിട്ടുണ്ടു്. ഈ തൊഴിലുള്ള ഏതു ജാതിക്കാരുടെ ഇടയിൽ ചെന്നു ചോദിച്ചാലും മത്സ്യം കിട്ടുന്നില്ല, കിട്ടുന്നില്ല, എന്നേ കേൾക്കാനുള്ളു. ഈ വിധ ആവലാതിയും സങ്കടവും ഞാൻ ധാരാളം കേട്ടിട്ടുണ്ടു്. ദിവാൻപേഷ്കാരവർകളും നല്ലവണ്ണം കേട്ടിട്ടുണ്ടു്. എങ്കിലും ഗവൺമെണ്ടു ആ സാധുക്കൾക്കു വേണ്ടി ഒന്നും ചെയ്തിട്ടില്ല. ആ സാധുക്കളുടെ സങ്കട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരത്തിനുള്ള വഴി ആലോചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു; എന്നല്ല വളരെ അതിക്രമിച്ചിരിക്കുന്നു. എന്നിട്ടും ഗവൺമെണ്ടു് "നില്ലിൻ, ആലോചിക്കട്ടെ, പ്രമേയം പിൻവലിക്കണം" എന്നാണു് വീണ്ടും പറയുന്നതു്. എന്നാൽ അങ്ങനെയൊന്നും പറഞ്ഞാൽപോര, ഗവൺമെണ്ടു് ഒരു വിദഗ്ധനെ നിയമിച്ചു് വേണ്ടതെല്ലാം ഉടനെ ചെയ്യണമെന്നു് ഞാൻബലമായി ഗവൺമെണ്ടിനോടു് ആവശ്യപ്പെടുന്നു. വിദഗ്ധനെ കിട്ടാൻ വിഷമമാണെന്നുപറയുന്നതു് ശരിയായ സമാധാനം അല്ല. വേണമെന്നുവെച്ചാൽ അങ്ങനെ ഒരാളെ ലഭിക്കാൻ ഒരു പ്രയാസവും ഉണ്ടാകയില്ല. ഗവൺമെണ്ടിനു് ഒരു വിദഗ്ധനെ ആവശ്യമാണെന്നുവന്നാൽ കിഞ്ചിൻജങ്കായിൽനിന്നോ മധുരാപ്പട്ടണത്തിൽനിന്നോ അപ്രകാരമുള്ള ആളെകൊണ്ടുവരുന്നതാണു്. പണം ചിലവാക്കാമെങ്കിൽ നിശ്ചയമായും ആളിനേയും കിട്ടും. ദിവാൻ പേഷ്കാരവർകൾ ഇവിടെ പ്രസ്താവിച്ചതു് ഗവൺമെണ്ടിന്റെ മിരട്ടു് എന്നല്ലാതെ അദ്ദേഹത്തിന്റെ സ്വന്തം മനസ്സാക്ഷിയോടുകൂടി പറഞ്ഞ ഒരു മറുപടിയാണെന്നു് ഞാൻ ഒട്ടും വിചാരിക്കുന്നില്ല. അതിനാൽ ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുകയും പ്രമേയമനസരിച്ചു് ഗവൺമെണ്ടു് കാലതാമസംകൂടാതെ പ്രവൃത്തിക്കേണമെന്നു് അപേക്ഷിക്കയും ചെയ്യുന്നു.

Mr. S. F. Nunez.—Sir, in supporting this resolution, I emphasise at the very outset the gross neglect on the part of the Government in encouraging the ruin of the fisheries and the failure and the incapacity of the Government to understand properly the real welfare of the people at large. We have got two chief sources of livelihood in these days——one is agriculture, the other, industries. In the matter of agriculture, Sir, we, in the Cochin State, have a very fertile soil, but, owing to the absence of a proper distribution of water, we have got the necessity to-day of importing more than half the paddy into Cochin for our staple food. Coming to the matter of industries, we find a no less gloomy, a no less heart-rending spectacle. We have very fine raw materials, the natural resources of the State. I do not mean to dilate on these various items of natural resources which, if only we could convert into finished goods or manufactured articles, we can do as well as many Europeans do to-day. What have we got from the speeches of the Hon'ble mover himself as well as several others who properly and strongly supported that the fishing industries should be left in charge of a separate department? The Diwan Peishkar himself admits that he has no expert knowledge of this industry. As a matter of fact, he may be an expert officer in collecting revenue, but even though he has no expert knowledge of the fishing industry, it is thrust upon him, willingly or unwillingly. If this is to go on under the Diwan Peishkar, we shall see that the fishing in

LIBRARY ARCHIVES Kerala Legislative Assembly

dustry which is the principal support of a big section of the coastal population, would diminish with detrimental results to the people at large.

We have got three points to consider in the fishing industry. The first point is to see that the supply of the fish is kept up. That is what Europe and America do. So that by our intensive tapping of the resources, there may not be a diminished supply. Well, this is a point we forgot in our Forest Department. I speak of the old days, when we went on tapping the forests without any scientific principle whatever. with the result that to-day the Member in charge of the Forest Department has to answer so many questions which is a penalty he is undergoing—I mean, due to the gross neglect of his predecessors. Now, similarly, if it were to be continued in the Fishery Department, the result will be we will have no more fish to catch, there will be no more fishing industry and no means of livelihood to the population who follow the fishing industry. So the first point is to see that the supply of the fish is kept up. The Diwan Peishkar has no knowledge of the industry whatever, because he is not an expert by his own admission in the scientific preservation of the fisheries.

The second point is the matter of capturing fishes. Any omission in the scientifc capturing of fishes on economic lines will mean that the supply of fishes cannot be kept up. The Diwan Peishkar has no expert knowledge in this line. Now, that requires expert knowledge. Sir, this is a department which requires expert knowledge.

The third point is the disposal of the fish we catch—I think, of that portion over and above what is required for the consumption of our people—in the most industrial manner. Well, Sir, the Hon'ble Member for Medicine himself will testify to the fact that not more than a few years ago a Mangalorian suggested to the British Government that, if only they would encourage the use of crude oil from fish, it could be sold at a very low price, and could be used as a substitute for cod-liver oil, and would have the same effect. The Medical Officer, who was then in charge of a section of the Madras Presidency, took the matter most carefully, and found that the suggestion of this layman was a very valuable suggestion, and to-day we find the oil manufactured there is used in many hospitals for cod-liver oil. Well, that is a point to prove that we can get a far better return from the crude oil, provided we appraise scientifically and in a proper manner the potential value that is derived from the raw material we possess. Now, Sir, the Diwan Peishkar has no idea of the potential capacity of this thing. It is a wrong principle in administration to put a wrong man in the wrong place. By putting

LIBRARY ARCHIVES Kerala Legislative Assembly

a wrong man, even though he may be clever in other places, he cannot do anything. Well, Sir, we have got a judicial officer as the head of the Excise Department, and we have got here the spectacle of a Revenue Department bundled with the office of catching fish. Well, these anomalies not only add difficulties for the administration, but also become a clog on the administrative wheel. Sir, you have been responsible for collecting the vital resources of the State and for the welfare of the people of the State, and the only way to clear the administrative machinery and work it in the interests of the people is to separate it from the Revenue Department. Well, Sir, here is a resolution—the mover of which has got some knowledge, and he is not ashamed to say that his community follows this occupation. I give him credit for that admission. Another Member was saying that this industry is also utilised by others. The Valan community wants to improve the fishing industry. Now, Sir, in modern industries, by the advent of the machinery, even though so many facilities are afforded, hereditary and technical skill is to be improved, and it is found to be a great help. The Diwan Peishkar suggested that, before the next budget, something would be done, and that he would give them a place in the *Administration Report* of the year. When the *Administration Report* is presented, it is said that we encourage the industry in all possible manner. This industry has to be scientifically developed, for the future of the Valan community is entirely based upon it. I, therefore, whole-heartedly support this resolution, and I request the Revenue Member who represents that department in this House to accept this resolution and to appoint an expert to investigate this question and submit a report, and I hope that it will be a less cumbrous report than the one presented to us in the old days.

റവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഞാൻ ഉദ്യോഗസ്ഥനെവേണ്ടെന്നു പറഞ്ഞിട്ടില്ല. എന്തെല്ലാം വേണമെന്നു ആലോചിച്ചു ചെയ്യാമെന്നു പറഞ്ഞിട്ടുള്ളൂ.

Mr. A. B. Salem.—I beg to move an amendment to the resolution.

Rao Sahib Mr. T. V. Kasturi Ranga Ayyar.—I would request that the Hon'ble Member would speak in Malayalam, as the resolution is in Malayalam.

Mr. A. B. Salem.—I shall move the amendment in Malayalam, if necessary. The amendment is to insert in the place of the word "ഉദ്യോഗസ്ഥൻ" the words "കരം പിരിപ്പാട്."

Mr. S. F. Nunez.—Sir, on a point of order. Does this mean that all Members should speak in Malayalam, as the resolution is in Malayalam?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib Mr. T. V. Kasturi Ranga Ayyar.—It is only a request.

President.—The Member is requested to speak in Malayalam, so that the mover may understand. That is all.

Mr. A. B. Salem.—The amendment is, instead of the word "ഉദ്യോഗസ്ഥൻ" to insert "കമ്മീഷൻ." It may be a Committee or ഉദ്യോഗസ്ഥൻ.

റാവു സാഹിബ് മിസ്റ്റർ ടി. വി. കസ്തൂരി രങ്കയ്യർ.—"താല്പര്യമുള്ള ഏർപ്പാട്" എന്നാക്കിയാൽപോരേ?

Mr. A. B. Salem.—The amendment in English would come to this:—The Government should take steps to get a report. Further, I have to say that this resolution should not be thought of as a resolution on behalf of the Valans.

President.—In regard to your amendment, there is one difficulty. You have to get the leave of the President. Besides, I think there is no necessity for an amendment now, after all this discussion.

Mr. A. B. Salem.—Then, Sir, I do not move an amendment.

The resolution was put to—vote and carried.

Request to move a resolution treated as withdrawn.

Mr. Chakko Cheruvattur.—I request for leave to move my resolution number IV in the agenda for to-day, under the proviso to Rule 36. I think the President has got the right to give me the leave to move it in the nature of a fresh resolution.

President.—You gave notice only at 4 o'clock. Your resolution is recorded here as withdrawn. Therefore, I am not going to allow that now. You can do it to-morrow, if the President gives you the leave.

Mr. Chakko Cheruvattur.—There is nothing in the Rules or the Regulation against the giving of the sanction.

President.—It was in the agenda and was disposed of.

I find a similar case occurred here on a previous occasion, and it was not allowed.

Mr. K. T. Mathew.—That resolution was carried to the next day.

President.—No, it was taken as withdrawn.

Mr. K. T. Mathew.—But the President may exercise his powers under Rule 36.

LIBRARY ARCHIVES Kerala Legislative Assembly